# പോലീസ് വകുപ്പ്
# കേരളം

**No.H1-49828/2022/DR**

ജില്ലാ പോലീസ് ഓഫീസ്,
കോഴിക്കോട് റൂറൽ
spkkdrl.pol@kerala.gov.in
04962523031
തീയതി.17-08-2023

**DO No. 506/2023/ഡി ആർ**

വിഷയം : അച്ചടക്ക നടപടി-ശ്രീ.കെ.കൃഷ്ണരാജ് , CPO D 8171 (PEN 533608), ഡി.എച്ച്.ക്യൂ, കോഴിക്കോട് റൂറൽ എന്നയാൾക്കെതിരെയുള്ള വാക്കാലന്വേഷണം (H1/PR-10/2022 DR)- പി.ആർ മിനുറ്റ്സ് തീർപ്പ് കൽപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : 1.04.09.2007 തിയ്യതിയിലെ G.O.(Rt) No. 2323/2007/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്
2.14.12.2012 തിയ്യതിയിലെ G.O.(Rt) No. 3666/2012/ആഭ്യന്തരം നമ്പർ സർക്കാർ കത്ത്
3.17.02.2018 തിയ്യതിയിലെ L5/138357/2017/PHQ നമ്പർ ഉത്തരവ്
4.05.11.2020 തിയ്യതിയിലെ സ.ഉ. (അ) നം.152/2020/ധന സർക്കാർ ഉത്തരവ്
5.30.12.2020 തിയ്യതിയിലെ 83/2020 ധന നമ്പർ സർക്കുലർ
6. 13/03/2023 തിയ്യതിയിലെ H1/49828/2022/DR നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**ശ്രീ.കൃഷ്ണരാജ്.കെ, CPO D 8171 (PEN 533608)** എന്നയാൾ കോഴിക്കോട് റൂറൽ ഡി.എച്ച്.ക്യൂവിൽ ജോലി ചെയ്തു വരവേ വിദേശത്ത് ജോലി നോക്കുന്നതിന് വേണ്ടി ശൂന്യവേതന അവധിക്ക് അപേക്ഷിക്കുകയുണ്ടായി. ആയത് പ്രകാരം വായന 1 ലെ സർക്കാർ ഉത്തരവിൻറെ അടിസ്ഥാനത്തിൽ 07.09.2007 തിയ്യതി മുതൽ അവധിയിൽ പ്രവേശിക്കുകയും, തുടർന്ന് അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വായന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം 07.09.2012 തിയ്യതി മുതൽ വീണ്ടും ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയും തുടർന്നു വായന 3 ലെ PHQ ഉത്തരവിൻറെ അടിസ്ഥാനത്തിൽ 07.09.2017 തിയ്യതി മുതൽ വീണ്ടും ശൂന്യ വേതന അവധിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടിയാൻറെ അവധി 06.09.2022 തിയ്യതി അവസാനിക്കുന്നതിനാൽ, വായന 4 ലെ സർക്കാർ ഉത്തരവ് പ്രകാരം 20 വർഷം ശൂന്യവേതനാവധി എന്നുള്ളത് 5 വർഷമാക്കി ചുരുക്കിയതിനാൽ 5 വർഷത്തിനുശേഷം ജോലിക്ക് ഹാജരാവാതിരുന്നാൽ "Deemed Resignation' ആയി പരിഗണിക്കുന്നതാണെന്നും, 07.09.2022 തിയ്യതി തിരികെ ജോലിയിൽ ഹാജരാവണമെന്നും രേഖാമൂലം ടിയാനെ അറിയിച്ചിട്ടും, തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി അവധിയിൽ തുടർന്നു വരികയാണ്.

കൂടാതെ വായന 5 ലെ ധനകാര്യവകുപ്പിന്റെ സർക്കുലറിൽ KSR ഭാഗം ഒന്ന് അനുബന്ധം XII A,XII C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതന അവധി കാലയളവ് 05.11.2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 വർഷമാണെന്നും 5 വർഷത്തെ ശൂന്യവേതന അവധിക്ക് ശേഷം ജോലിക്ക് ഹാജരാവാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 07.09.2007 മുതൽ 15 വർഷക്കാലമായി ശൂന്യ വേതന അവധിയിൽ തുടരുന്ന കെ.കൃഷ്ണരാജ് , CPO 8171 എന്നയാൾക്ക് 07.09.2022 തിയ്യതി തിരികെ ജോലിക്ക് ഹാജരാവണമെന്ന് രേഖാമൂലം നിർദേശം നൽകിയിട്ടും തിരികെ ജോലിക്ക് ഹാജരാവാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുക വഴി ഗുരുതരമായ അച്ചടക്ക ലംഘനം കാണിച്ചതിനാൽ ടിയാനെതിരെ കെ.പി.ഡി.ഐ.പി & എ ചട്ടങ്ങളിലെ റൂൾ 8(I) (III) പ്രകാരം വിശദമായ വാക്കാലന്വേഷണം നടത്തി പി.ആർ മിനുട്സ് സമർപ്പിക്കുന്നതിന് കുറ്റ്യാടി പോലീസ് ഇൻസെക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

അന്വേഷണാനന്തരം അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച പി.ആർ.മിനുട്സും, അനുബന്ധരേഖകളും ഞാൻ വിശദമായി പരിശോധിക്കുകയുണ്ടായി. കുറ്റാരോപണ മെമ്മോയിൽ ടിയാനെതിരെ ഉന്നയിക്കപ്പെട്ട കുറ്റം വിശദമായ വാക്കാലന്വേഷണത്തിൽ തെളിയുന്നുണ്ടെന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തോട് യോജിച്ചുകൊണ്ട് ടിയാൻ ചെയ്ത കുറ്റത്തിനുള്ള ശിക്ഷയായി, ടിയാൻ അവധി അവസാനിച്ച തിരികെ ജോലിയിൽ ഹാജരാകേണ്ടിയിരുന്ന

07.09.2022 തിയ്യതി മുതൽ ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് ഞാൻ താൽക്കാലികമായി തീരുമാനിക്കുകയും സൂചന 6 പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന് നാളിതുവരെയായി ടിയാൻ വിശദീകരണമൊന്നും സമർപ്പിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ മേൽപറഞ്ഞിട്ടുള്ള കുറ്റത്തിനുള്ള ശിക്ഷയായി **07/09/2022 തിയ്യതി മുതൽ ശ്രീ.കെ.കൃഷ്ണരാജ് , CPO D 8171 എന്നയാളെ സർവീസിൽ നിന്നു നീക്കം ചെയ്യുക എന്ന താൽക്കാലിക തീരുമാനം ഇതിനാൽ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.**

മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി രണ്ടു മാസത്തിനകം ടിയാന് ബഹു: കണ്ണൂർ റേഞ്ച് ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

17-08-2023
കറുപ്പസാമി.ആർ. ഐ.പി.എസ്,
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ.കെ.കൃഷ്ണരാജ് , CPO D 8171 എന്നവർക്ക് അസിസ്റ്റൻറ് കമാണ്ടന്റ്, DHQ, കോഴിക്കോട് റൂറൽ മുഖേന

പകർപ്പ് :
1) സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2) അസിസ്റ്റൻറ് കമാണ്ടന്റ്, DHQ , കോഴിക്കോട് റൂറൽ നടത്തിപ്പിനും തിയ്യതി വെച്ച ലക്ഷ്യം വാങ്ങി തിരിച്ചയക്കുന്നതിനും
3) അഡീഷണൽ എസ്.പി, എ.എ, മാനേജർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലർക്ക്,സി.എ എന്നിവരുടെ അറിവിലേക്കായി
4) എ1 മുതൽ എ5 B, ബി1, ബി2,ബി3, എഫ് 1 മുതൽ എഫ് 6 വരെയുള്ള സെക്ഷനുകൾക്കും അറിവിലേക്കും അനന്തരനടപടികൾക്കുമായി
5) ഡി.ഓ ബുക്ക് , ഡി.ഓ ഫയൽ